മഞ്ഞളിപ്പ് രോഗം ബാധിച്ച അടയ്ക്കാ മരങ്ങൾ വെട്ടിക്കളയുന്നതിനുള്ള നഷ്ടപരിഹാരം

47 (211) ഡോ. എം. എ. കുട്ടപ്പൻ :
ശ്രീ. സി. പി. മുഹമ്മദ് :
ശ്രീ. എം. എം. ഹസ്സൻ :
ശ്രീ. എം. കെ. പോൾസൺ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് വ്യാപകമായ തോതിൽ അടയ്ക്കാ മരങ്ങൾക്ക് മഞ്ഞളിപ്പ് രോഗം ബാധിച്ചിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പ്രസ്തുത രോഗം ബാധിച്ച കവുങ്ങുകളെ രക്ഷിക്കുവാൻ എന്തെങ്കിലും മാർഗ്ഗമുണ്ടോ; എങ്കിൽ വിശദമാക്കുമോ ;

(സി) പ്രസ്തുത രോഗം ബാധിച്ച കവുങ്ങുകൾ വെട്ടിക്കളയുന്നതിന് നഷ്ട പരിഹാരം കൊടുക്കുന്നുണ്ടോ; എങ്കിൽ എത്രവീതം ;

(ഡി) ഇല്ലെങ്കിൽ ഈ രോഗം ബാധിച്ചതുമൂലം വെട്ടിക്കളയുന്ന അടയ്ക്കാ മരങ്ങൾക്ക് നഷ്ടപരിഹാരം നൽകുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) രോഗം പൂർണ്ണമായി ബാധിച്ചവയെ വെട്ടിമാറ്റുന്നതിനും ഭാഗികമായി ബാധിച്ചവയെ ശാസ്ത്രീയമായി പരിപാലിക്കുന്നതിനുമുള്ള പദ്ധതി നടപ്പിലാക്കിവരുന്നു. ഒരിക്കൽ ഈ രോഗം ബാധിച്ചാൽ മരുന്നു തളിക്കൽ കൊണ്ട് പൂർണ്ണമായി രക്ഷപ്പെടുത്താൻ സാധിക്കില്ല. രൂക്ഷമായി രോഗം ബാധിച്ചവയെ മുറിച്ചുമാറ്റുകയേ നിർവ്വാഹമുള്ളൂ. എന്നാൽ ഭാഗികമായി രോഗം ബാധിച്ചവയിൽ മെച്ചപ്പെട്ട പരിപാലനത്തിലൂടെ കുറച്ചു കാലത്തേക്കുകൂടി ഉല്പാദനക്ഷമത നിലനിറുത്തുവാൻ കഴിയും.

(സി) രോഗം പൂർണ്ണമായി ബാധിച്ച കവുങ്ങുകൾ വെട്ടിമാറ്റുന്നതിന് കവുങ്ങൊന്നിന് 100 രൂപ വീതം നഷ്ടപരിഹാരം നൽകുന്നുണ്ട്. കൂടാതെ രോഗം ഭാഗികമായി ബാധിച്ച കവുങ്ങുകളുടെ മെച്ചപ്പെട്ട പരിപാലനത്തിനായി ഹെക്ടറൊന്നിന് 30,000 രൂപ വീതവും നൽകിവരുന്നു.

(ഡി) ചോദ്യം ഉദിക്കുന്നില്ല.

പുതിയ ഡയറി കോളേജും വെറ്ററിനറി യൂണിവേഴ്സിറ്റിയും

48 (223) ശ്രീ. കെ. കെ. ഷാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ കന്നുകാലി വളർത്തലിന്റെ പ്രാധാന്യം പരിഗണിച്ച് ഡയറി കോളേജും വെറ്ററിനറി യൂണിവേഴ്സിറ്റിയും ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ എന്ന് വിശദമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) എങ്കിൽ ആലപ്പുഴ ജില്ലയിൽ, നൂറനാട് ലെപ്രസി സാനറ്റോറിയം വക നൂറ്റിമുപ്പത്തിയേഴ് ഏക്കറോളം വരുന്ന സ്ഥലത്തുനിന്നും ലെപ്രസി സാനറ്റോറിയത്തിന്റെ പ്രവർത്തനത്തിനാവശ്യമായ സ്ഥലം നല്കിയതിന് ശേഷമുള്ള സ്ഥലത്ത് ഇവ ആരംഭിക്കുന്ന കാര്യം പരിഗണിക്കുമോ ;

(സി) കന്നുകാലി വളർത്തൽ മേഖലയിൽ നടപ്പിലാക്കുന്ന പുതിയ സംരംഭങ്ങൾ എന്തൊക്കെയെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ) മറ്റ് സംസ്ഥാനങ്ങളിൽ 10-ാം പദ്ധതിക്കാലത്ത് ആരംഭിച്ച വെറ്ററിനറി അനിമൽ സയൻസ് സർവ്വകലാശാലയുടെ മാതൃകയിൽ കേരളത്തിലും ആരംഭിക്കുന്നതിനുള്ള സാദ്ധ്യതാ പഠനം നടന്നുവരുന്നു.

(ബി) റിപ്പോർട്ട് സർക്കാർ തലത്തിൽ പരിശോധിക്കുമ്പോൾ ഈ നിർദ്ദേശം പരിഗണിക്കാവുന്നതാണ്.

(സി)

1. കുളമ്പുരോഗങ്ങൾ ഉൾപ്പെടെയുള്ള കാലിരോഗങ്ങൾക്കെതിരെ ക്ഷീരവികസന ബോർഡിന്റെ സഹകരണത്തോടെ രണ്ട് തവണ കുത്തിവയ്പ് നടത്തിക്കഴിഞ്ഞു.

2. കേന്ദ്ര സർക്കാരിന്റെ സഹായത്തോടെ എറണാകുളത്ത് മരടിൽ ലൈവ് സ്റ്റോക്ക് ഇൻസ്പെക്ഷൻ കം സർട്ടിഫിക്കേഷൻ ലാബോറട്ടറിയുടെ പ്രവർത്തനം ആരംഭിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. മൃഗോല്പന്നങ്ങൾ ഉൾപ്പെടെയുള്ള സമുദ്രോല്പന്നങ്ങളടക്കം എല്ലാത്തരം ഭക്ഷ്യോല്പന്നങ്ങളും അന്താരാഷ്ട്ര നിലവാരത്തിൽ പരിശോധിച്ച് ഗുണനിലവാര സർട്ടിഫിക്കറ്റ് നൽകുവാൻ ഈ ലാബോറട്ടിക്ക് സാധിക്കും.

3. മൃഗാശുപത്രികൾ ഇല്ലാത്ത 30 പഞ്ചായത്തുകളിൽ അവ ആരംഭിക്കുന്നതിനുള്ള നടപടികൾ പൂർത്തിയായിക്കഴിഞ്ഞു.

4. ക്ഷീരവികസനത്തിനും കോഴിവളർത്തലിനും നബാർഡ് മുഖേന വായ്പാ പദ്ധതികൾ മൃഗസംരക്ഷണ മേഖലയിൽ പ്രവർത്തിക്കുന്ന കർഷക സംരംഭകർക്ക് നൽകിവരുന്നു.

5. പക്ഷിപ്പനി തടയാൻ മൃഗസംരക്ഷണ വകുപ്പ് യുദ്ധകാലടിസ്ഥാനത്തിൽ പ്രതിരോധ തന്ത്രങ്ങൾക്ക് രൂപം നൽകി പ്രവർത്തിച്ചുവരുന്നു.

6. വാണിജ്യാടിസ്ഥാനത്തിൽ മൃഗസംരക്ഷണ പ്രവർത്തനത്തിലേർപ്പെടാൻ താല്പര്യപ്പെടുന്ന കർഷകരെ സഹായിക്കുന്നതിനായി ഒരു ട്രേഡ് സെൽ രൂപീകരിച്ച് പ്രവർത്തിച്ചുവരുന്നു. ഇതിന്റെ ഭാഗമായി കർഷകർക്ക് ഒരു ഇൻവെസ്റ്റേഴ്സ് മീറ്റ് മാർച്ച് മാസത്തിൽ നടത്തുവാൻ തീരുമാനിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ഇതുകൂടാതെ സർക്കാർ ഫാമുകളുടെ ശക്തിപ്പെടുത്തൽ കർഷകരുടെ മേൽനോട്ടത്തിൽ സാറ്റ്ലൈറ്റ് യൂണിറ്റുകളുടെ പ്രവർത്തനം, ഉല്പാദനശേഷി കൂടിയ കന്നുകാലികളുടെ വിവരശേഖരണം, ധാതുമിശ്രിത വിതരണം, വിവിധ മൃഗസംരക്ഷണ വിഷയങ്ങളിൽ ബോധവൽക്കരണം/പരിശീലന പരിപാടികൾ, എരുമ വളർത്തൽ പ്രോത്സാഹിപ്പിക്കുന്നതിനായി ആലപ്പുഴ ജില്ലയിൽ തുടങ്ങിയ എരുമ വളർത്തൽ പ്രത്യേക പദ്ധതി, കന്നുകുട്ടി പരിപാലന പദ്ധതി എന്നിവ നടപ്പിലാക്കി വരുന്നു.

സംസ്ഥാന കാർഷിക സർവ്വകലാശാലയിലെ അദ്ധ്യാപകർക്ക് നൽകിയ അധിക ശമ്പളം തിരിച്ചുപിടിക്കുവാൻ നടപടി

49 (224) ശ്രീ. മുഡി ലൂയിസ് :
ശ്രീ. വർക്കല കഹാർ :
പ്രൊഫ. കെ. വി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) യു.ജി.സി. ശമ്പള സ്കെയിൽ അനുവദിച്ചതിനെത്തുടർന്ന് അധികൃതമായി ശമ്പളം നൽകിയ വകയിൽ സംസ്ഥാന കാർഷിക സർവ്വകലാശാലയിലെ അദ്ധ്യാപകർ ഇതുവരെ എത്ര തുക അവിഹിതമായി നേടി ;

(ബി) ഈ തുക തിരികെ പിടിക്കണമെന്ന് ഗവൺമെന്റ് എത്ര പ്രാവശ്യം നിർദ്ദേശം നൽകിയെന്നും ഈ തുക തിരികെ പിടിക്കാതിരുന്നതിന്റെ പേരിൽ ഗവൺമെന്റ് പ്രസ്തുത സർവ്വകലാശാലയ്ക്കുള്ള ഗ്രാന്റ് എത്ര പ്രാവശ്യം തടഞ്ഞുവെന്നും അറിയിക്കാമോ ;

(സി) ഗവൺമെന്റിന്റെ നിർദ്ദേശങ്ങൾക്കു വിപരീതമായി കോടതിവിധി ദുർവ്യാഖ്യാനം ചെയ്തു അവിഹിത ആനുകൂല്യം തുടർന്നും കൊടുക്കുവാൻ സർവ്വകലാശാലയുടെ എക്സിക്യൂട്ടീവ് തീരുമാനിച്ച സാഹചര്യമെന്താണെന്നു പരിശോധിച്ചിട്ടുണ്ടോ ;

(ഡി) അനധികൃതമായി അധിക ശമ്പളം പറ്റിയവരിൽ നിന്ന് ആ തുക ഉടനടി തിരിച്ചുപിടിക്കുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഏകദേശം 22.78 കോടി രൂപയാണ് അധിക തുകയായി നൽകിയതെന്ന് കാർഷിക സർവ്വകലാശാല രജിസ്ട്രാർ അറിയിച്ചിട്ടുണ്ട്.

(ബി) തുക തിരികെ പിടിക്കുന്നതിന് രണ്ട് പ്രാവശ്യം നിർദ്ദേശം നൽകിയിരുന്നു. പ്രസ്തുത തുക തിരികെ പിടിക്കാതിരുന്നതിന്റെ പേരിൽ സർക്കാർ സർവ്വകലാശാലയ്ക്കുള്ള ഗ്രാന്റ് മൂന്നു പ്രാവശ്യം തടഞ്ഞിരുന്നു.

(സി) വിവരം ശേഖരിച്ചു ലഭ്യമാക്കുന്നതാണ്.

(ഡി) 1986-ലെ യു.ജി.സി. പദ്ധതി നടപ്പിലാക്കിയതിലെ അപാകതകൾ പരിഹരിക്കണമെന്ന് സർക്കാർ കേരള കാർഷിക സർവ്വകലാശാലയ്ക്ക് വ്യക്തമായ നിർദ്ദേശം നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly